Rao Sahib Dr. T. Verghese *(Chief Medical Officer):* We are getting quinine from the Government of India at very cheap prices. I think the cost now comes only to Rs. 27 or so. The pre-war rate is only Rs. 15.

Mr. T. K. Nayar *(Minister for Rural Development):* In a plantation basis if you want to get quinine you will have to wait for 8 years. At the end of 8 years we would be able to get about 100 lbs. per acre. Then in the 12th year another 50 lbs. also can be be got. Altogether in the course of 12 years we will be getting 150 lbs. of quinine. It of course depends on the fertility of the soil.

Apart from all these things the question that has to be considered by us is whether after the war will there be a demand for this quinine which we will be producing. That is the question that has to be considered. I hope the House knows that 97 per cent of the quinine for the whole world consumption comes from Java. I am sure after the war the whole quantity will be dumped into the market and I do not know whether we will be able to find a market. The whole question was gone into some three years ago and it was finally decided by Government that without getting a definite assurance from the Government of India to find a market for the quinine that is produced in our State it will be rather venturesome to enter into such a scheme. Then it was decided to experiment the scheme on this half acre. No doubt it is thriving well. But the question is whether should we risk ourselves. That is the whole question. The House passed a resolution to this effect and it was my duty to implement the scope of that resolution. I may just say for the information of the House that even now I have not entirely dropped the idea and I am seriously looking into the matter. If the Government are to venture on this scheme they should have at least 500 acres Otherwise it would not be worth while because the overhead charges will be every high. We have to construct buildings and erect the necessary machinery for the extraction of quinine. All these questions will have to be gone into seriously.

Personally I would very much welcome the idea of an orchard cultivation at Nelliampathies. I have not visited the Nelliampathies myself till now. But I mean to go there during the month of Chingam. I have asked the Agricultural Department to look into that question and even now I have a report from an expert regarding orchard cultivation. I can assure the Hon'ble Members that if possible something in the line will be done early next year. I can only give this assurance because I am a lay man in the line. I am trying to get down some expert also to visit the place and I hope to receive expert opinion in the matter.

Mr. V. J. Mathai *(Planters):* It has been stated by the Hon'ble Minister that he will be going into the question. Hence I beg leave of the House to withdraw the motion.

Motion by leave withdrawn

CUT MOTION No. 15

B. Form License for Timber and Fuel

മിസ്റ്റർ സി. കെ. നായർ : *"To reduce the allotment of Rs. 33,458 for establishment by Rs. 3* (സ്വന്തം സ്ഥലങ്ങളിൽനിന്നും സ്വന്തം ആവശ്യത്തിന്നായി മുറിച്ചു മാറ്റാറൊണ്ടിവരുന്ന മരം, വിറകു് മുതലായവയ്ക്കു് B. Form പാസ്സു വേണമെന്നുള്ള നിയമത്തിന്റെ ഇന്നത്തെ പ്രവർത്തനംമൂലം ഉണ്ടാകാവുള്ള ബുദ്ധിമുട്ടുകളെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ)". ഇതാണു് എന്റെ ഉപക്ഷേപം. സർ, ഈ B. Form പാസ്സു് എന്നുവെച്ചാൽ എന്താണെന്നു് അറിയാത്തവർ ഒരുപക്ഷേ ഈ സഭയിൽ പലരും ഉണ്ടായേക്കും. കാരണം കൊച്ചീരാജ്യത്തെ എല്ലാപ്രദേശങ്ങളിലും പ്രവർത്തനമുള്ള ഒന്നല്ല ഇതു് എന്നുള്ളതാണു്. ഷൊർവന്നൂർ നിന്നു പുറപ്പെട്ട കൊച്ചിയിലേക്കു വരുന്ന തീവണ്ടിപ്പാത തിരുവിതാംകൂർ സംസ്ഥാനത്തിന്റെ അതൃത്തിയിലെത്തുന്നതുവരെയുള്ള പ്രദേശങ്ങളുടെ കിഴക്കുഭാഗത്തുള്ള പ്രദേശങ്ങളെ ബാധിക്കുന്ന വനനിയമങ്ങളിലാണു് ഈ ബി. ഫാറം പാസ്സിന്റെ പ്രവർത്തനമുൾപ്പെട്ടുന്നതു്. സ്വന്തം സ്ഥലത്തുനിന്നു് കുറെ മരമോ, വിറകോ മുറിച്ചു മറ്റൊരു സ്ഥലത്തേക്കു മാറ്റണമെങ്കിൽ ഈ B. Form പാസ്സു് ആവശ്യമാണു്. B. Form പാസ്സു് ഫോറസ്റ്റു് ആക്ടിലെ ട്രൻ-ം ഢ-ം വകുപ്പുകൾ പ്രകാരമാണു് നടപ്പിൽ വന്നിട്ടുള്ളതു്. ആരാണു് മരം കടത്തുവാൻ പാസ്സു് ആവശ്യപ്പെടുന്നതു്, മരത്തിന്റെ അളവെത്ര, അതിന്നു വല്ല അടയാളമുണ്ടോ, ഏതു സ്ഥലത്തേക്കു്, ഏതു വഴിയിൽക്കൂടിയാണു് കൊണ്ടുപോകേണ്ടതു്, എത്ര ദിവസത്തിനകം കൊണ്ടുപോകണം എന്നിവയാണു് ബി. ഫാറം പാസ്സിലെ ഉള്ളടക്കം. മരമോ, വിറകോ മുറിച്ചു ശേഖരിച്ചുശേഷം ഇങ്ങിനെയൊരു പാസ്സെഴുതി ഫോറസ്റ്റിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ

LIBRARY ARCHIVES Kerala Legislative Assembly

ഏല്പിക്കണമെന്നാണ് നിയമം. ഈ പാസ്സു കിട്ടുന്ന ഫോറസ്റ്റുദ്യോഗസ്ഥനോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥനോ പാസ്സിൽ പറയുന്ന സ്ഥലവും ശേഖരിച്ചിട്ടുള്ള മരവും പരിശോധിച്ചശേഷമേ പാസ്സ് അനുവദിച്ചുകൊടുക്കാവൂ എന്നും നിയമം നിർബ്ബന്ധിക്കുന്നുണ്ട്. ഈ നിയമം, അതിന്റെ പ്രവർത്തനപരിധിയെ മുൻനിർത്തി നോക്കുമ്പോൾ അനാവശ്യകോടിയിലുൾപ്പെടില്ലായിരിക്കും. എന്നാൽ അതിന്റെ പ്രവർത്തനം എത്രയെത്ര അസൌകര്യങ്ങളാണ് ജനതക്കുണ്ടാക്കുന്നതെന്ന് അനുഭവപ്പെട്ടവർക്കേ അറിഞ്ഞുകൂടൂ. ഉടമസ്ഥന്റെ ഒഴിച്ചുകൂടാത്ത ആവശ്യങ്ങൾക്കാണ് മരമോ വിറകോ കൊണ്ടുപോകാനനുവാദത്തിന്നാവശ്യപ്പെടുന്നതെന്നു പറയേണ്ടതില്ലല്ലൊ. യഥാർത്ഥത്തിൽ ഈ ബോധം പാസ്സനുവദിക്കാനധികാരപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ കാണാറില്ലെന്നുള്ളതാണ് പരമാർത്ഥം. മരം ശേഖരിച്ച സ്ഥലത്തേക്ക് പരിശോധനാധികാരിയെ കൂട്ടിക്കൊണ്ടുപോകുന്നതിന്നായി വാഹനവുമായി അദ്ദേഹത്തിന്റെ സൌകര്യവും നോക്കി കാത്തുനിന്നാലല്ലാതെ ആവശ്യത്തിന്നുതകത്തക്കവണ്ണം സാധനങ്ങൾ കൊണ്ടുപോകാനാകില്ലെന്നുള്ളതാണനുഭവം. ചിലപ്പോൾ അല്ല പലപ്പോഴും ഇതിൽ കവിഞ്ഞും ചിലതു വേണ്ടിവന്നെന്നും വരാം. ഇതുകളില്ലാതായാൽ ആവശ്യത്തിന്ന മരം കൊണ്ടുവരിക അസാദ്ധ്യമാണെന്ന് അനുഭവം ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതു് എത്രപ്രാവശ്യമാണെന്നുള്ളതിന്ന കണക്കില്ല. കത്തിക്കാനുള്ള വിറക്, പാസ്സു കിട്ടായ്കമൂലം, കൊണ്ടുവരാൻ സാധിക്കാതെ നിരാശനായി തിയ്യിട്ട വെണ്ണീറാക്കിയവർകൂടിയുമുണ്ടെന്റെനാട്ടിൽ. ബി. ഫാറം പാസ്സു കൊടുക്കുന്ന സമ്പ്രദായത്തിന്റെ വൈകല്യങ്ങളെ വെളിപ്പെടുത്താനുള്ള ഒരു ചോദ്യം ഞാൻ ചോദിച്ചിരുന്നു. അതിന്നുള്ള ഉത്തരം ഇന്നോളം ലഭിച്ചിട്ടില്ല. ഇതിലെ സാധാരണതപ്പമേതുമില്ല. അതെന്നെങ്കിലും എപ്പോഴെങ്കിലും വരട്ടെ. ഫോറസ്റ്റുദ്യോഗസ്ഥന്മാർ വഴി ഇക്കാര്യം സാധിക്കാൻ വിഷമമുണ്ടാകുമെന്ന ബോധം ഗവർമ്മെണ്ടിന്നും ഇല്ലായ്കയില്ല. അതുകൊണ്ടായിരിക്കണം വില്ലേജ് പാവ്വർത്തിക്കാരനും ഈ അധികാരം നൽകിയിട്ടുള്ളതു്. പക്ഷേ, മലമ്പ്രദേശങ്ങൾക്കടുത്തുള്ള കൃഷിസ്ഥലങ്ങളിൽനിന്നും അകന്നാദിക്കിൽ സ്ഥിരതാമസമുള്ള പാവ്വർത്തിക്കാരനുണ്ടോ മരം പരിശോധിക്കാൻ പറഞ്ഞയക്കുന്നു? നിയമം എന്തൊരനുകൂല്യം ഇന്നു നൽകുന്നുണ്ടെങ്കിലും മരം കൊണ്ടുവരുവാനുള്ള ബുദ്ധിമുട്ട് പ്രതിദിനമെന്നപോലെ വർദ്ധിക്കയാണു ചെയ്യുന്നതു്. ഇതിന്നു വല്ല നിവാരണവുമുണ്ടോ എന്നാറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ B Form പ്രകാരം കാട്ടിൽനിന്ന് മരവും വിറകും കൊണ്ടുപോകുന്നതിന്ന് എത്രത്തോളം ബുദ്ധിമുട്ടുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ല. അതിനുള്ള കാരണങ്ങളെല്ലാം കൺസർവേറ്റർ നല്ലപോലെ മനസ്സിലാക്കീട്ടുണ്ട്. ഇതെല്ലാം അദ്ദേഹം നമ്മളെക്കാൾ കൂടുതലായിട്ടു നോക്കീട്ടുണ്ട്. ഉദ്യോഗസ്ഥന്മാരെ തകിടംമറിച്ചും മറവും നോക്കീട്ടുണ്ട്. അദ്ദേഹം വിചാരിച്ചിട്ടുപോലും സാധിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്. വാസ്തവം പറയുകയാണെങ്കിൽ കളവ് ധാരാളമായി നടക്കുന്നുണ്ട്. ഒരു വണ്ടി വിറകു കാട്ടിൽനിന്ന് എന്റെ വീട്ടിലേക്കു കൊണ്ടുപോരണമെന്നുണ്ടെങ്കിൽ ഫോറസ്റ്റുക്കു ഒരു കൈമടക്കു കൊടുക്കണം. അങ്ങിനെ ചെയ്തതിന്നുശേഷമെ പാസ്സു തരികയുള്ളു. നേരത്തെ റിച്ചു അടിയന്തിരമായിട്ടു നമുക്കു ഒരു വണ്ടിവിറകു ആവശ്യമുണ്ടെന്നുപറഞ്ഞാൽ ഈ B Form ഇല്ലാതെതന്നെ പ്രകാശമാകുമ്പോൾ ഒരു വണ്ടി വിറകു നമ്മുടെ വീട്ടിലേക്കു വന്നുകൊള്ളും അതിന്ന് ഒരു ചെറിയ ചിലവുചെയ്താൽ മതി. വലിയ പണച്ചിലവൊന്നുമില്ല. അഞ്ചൊ പത്തൊ ദിവസം കഴിഞ്ഞിട്ടു ആയിരിക്കും B Form കിട്ടുന്നതു്. അപ്പോൾ അതു വേണ്ടായെന്നു പറയുവാനും നിവർത്തിയില്ല. അതുകൊണ്ടു ഈവക കഴപ്പുങ്ങൾ കൂടാതെ കഴിക്കുവാൻവേണ്ടി ഈ B Form കൊടുത്താൽ ഇത്ര ദിവസത്തേക്കു എന്നു ഒരു കല്പന വെക്കണം. കല്പ വെട്ടുന്നതിന്നു ഇത്ര ദിവസത്തേക്കു എന്നു ഒരു കണക്കുണ്ട്. അതുപോലെ ഇതിന്നും ഒരു നിയമം വേണം. അങ്ങിനെ ഒരു നിയമം വെച്ചിട്ടില്ലെങ്കിൽ വളരെ ദോഷമാണു്. ആയതുകൊണ്ടു് ഡിപ്പാർട്ടുമെണ്ടിന്റെ ഗുണത്തിന്നുവേണ്ടിട്ടെങ്കിലും ഇതിന്നു് ഒരു നിവാരണം ചെയ്യണമെന്നു് മാത്രമെ എനിക്കു പറയുവാനുള്ളു.

മിസ്റ്റർ എം. നാണുമേനോൻ: സർ, ഈ B Form തെപ്പറ്റി ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. B Form ഒപ്പിട്ടുകൊടുക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഒരു B Form ഒപ്പിട്ടുകൊടുക്കുന്നതിന്നു ൨ ണ. വീതം ഒരു കണക്കു വെച്ചിട്ടുണ്ട്. ഇങ്ങിനെ ഒരു B Form ഒപ്പിട്ടുകൊടുക്കുന്നതിന്നു് ൨ ണ. വീതം വാങ്ങിക്കുന്നതു് അയാളുടെ മകൻ പലപ്പോഴും കണ്ടിട്ടുണ്ട്. ഒരിക്കൽ അയാളുടെ മകൻ ഒരു ക്ലാസ്സിൽ തോറ്റു. അപ്പോൾ അച്ഛൻ ചോദിച്ചു: നീ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങിനെ തോറ്റുകഴിഞ്ഞാൽ എങ്ങിനെ കഴിയാനാണു് എന്നു്. അപ്പോൾ മകൻ പറഞ്ഞു B Form ഒപ്പിട്ടുകഴിയുമെന്നു് (ചിരി).

മിസ്റ്റർ ടി നാരായണമേനോൻ: മിസ്റ്റർ പ്രസിഡണ്ടു സർ, ഇതിനെ സംബന്ധിച്ചു ഇവിടെകേട്ട കഥകൾകൊണ്ടു പലവിധത്തിലുള്ള ആക്ഷേപങ്ങളുണ്ടെന്നു് വരുന്നുണ്ടെങ്കിലും B Form വേണ്ടെന്നുവെക്കണമെന്നു പറയുന്നില്ലല്ലൊ. ഈ വിഷയം ഈ ഹൌസ്സിൽ പല കാലത്തും പലമാതിരിയിലും ആലോചനക്കു വന്നിട്ടുണ്ടു്. അപ്പോഴെല്ലാം B Form വേണ്ടെന്നുവെക്കുവാൻ നിവർത്തിയില്ലെന്നു് ഗവൺമ്മെണ്ടിൽനിന്നു കാണിച്ചിട്ടും ഉണ്ടു്. എന്നാൽ ഇവിടെ ചൂണ്ടികാണിച്ച ആക്ഷേപങ്ങളും ബുദ്ധിമുട്ടുകളും ഇല്ലാതെയാക്കുവാനൊ കഴിവുള്ള നടപടികളെല്ലാം നിഷ്കൃഷ്ടയായി നടത്തുവാൻ ശ്രദ്ധവെച്ചുകൊള്ളാമെന്നുമാത്രമെ പറയുവാൻ തരമുള്ളൂ.

മിസ്റ്റർ സി. കെ. നായർ പറഞ്ഞതുപോലെ നെന്മാറയിലും മറ്റും B Form ഫോറം പാസ്സിനെ സംബന്ധിച്ചു് എന്തെങ്കിലും പ്രത്യേകിച്ചു ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം. പിന്നെ മിസ്റ്റർ രാമചന്ദ്രയ്യർ പറഞ്ഞതനുസരിച്ചു് എന്തെങ്കിലും ചെയ്യുവാൻ തരമുണ്ടൊ എന്ന ഗൌരവമായി ആലോചിക്കുകയും ചെയ്യാം.

മിസ്റ്റർ വി. കെ. കുട്ടി: ഇതു ദിവസത്തിനുള്ളിൽ B Form അനുവദിച്ചു കൊടുക്കണമെന്ന ഒരു നിബന്ധന ഉണ്ടായിരിക്കണം.

മിസ്റ്റർ സി. കെ. നായർ: ഈ ബി ഫാറം പാസ്സിന്റെ പിന്നിൽ ഒരു ചരിത്രമുണ്ടു്. കൊച്ചി രാജ്യത്തു ചില പ്രദേശങ്ങളിൽ ഏതു മരവും ഒരു ദിക്കിൽനിന്നും മറൊരുദിക്കിലേക്കു മാറ്റണമെങ്കിൽ, ഒരു സർവ്വെ നമ്പരിൽനിന്നും മറൊരു സർവ്വെ നമ്പറിലേക്കു മാറ്റണമെങ്കിൽപോലും, ബി ഫാറം പാസ്സു വേണമെന്നായിരുന്ന പണ്ടത്തെ നിയമം. റിസർവ്വ് കാടുകളിലെ മരങ്ങളെ രക്ഷിക്കലാണു് ഈ നിയമംകൊണ്ടുദ്ദേശിച്ചിട്ടുള്ളതെന്നാണു് പറയപ്പെടുന്നതു്. പക്ഷെ, കാട്ടിലുണ്ടാകാറില്ലാത്ത മാവു്, പ്ലാവു്, കവുങ്ങു്, തെങ്ങു്, പന മുതലായ നാട്ടുമരങ്ങളും ഈ നിയമപരിധിയിൽപെടുന്നതുമൂലം ജനങ്ങൾക്കുണ്ടാകാവുള്ള കഷ്ടപ്പാടുകളെ അനുഭവിച്ചറിഞ്ഞ എന്റെ പിതാവു്, ഇത്തരം നാട്ടുമരങ്ങളെ ബി ഫാറത്തിൽനിന്നു് ഒഴിവാക്കിക്കിട്ടുവാൻ പല ശ്രമങ്ങളും ചെയ്തുനോക്കി. എന്തുന്യായം പറഞ്ഞിട്ടും കായ്ച്ചും നേടാനുദ്ദേഹത്തിനു സാധിച്ചില്ല. ഒടുവിൽ, നീതിന്യായ കോടതിവഴി നിവാരണം ലഭിക്കുമൊയെന്നു പരീക്ഷിക്കാനായിട്ടുദ്ദേഹം സത്യാഗ്രഹമനുഷ്ഠിക്കാൻതന്നെ തീരുമാനിച്ചു. തെക്കെ ആഫ്രിക്കയിൽവെച്ചു സത്യാഗ്രഹസമരം നടത്തി മഹാത്മജി വിജയംനേടിയകഥ പത്രത്തിൽ വായിച്ചറിഞ്ഞവർമാത്രമെ അന്നു് ഇന്ത്യയിലുണ്ടായിരുന്നുള്ളൂ. ഒടുവിൽ, ജനസാമാന്യം അന്യായമായി അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ടിന്റെ നിവാരണാർത്ഥം ഇന്ത്യയിലെ ആദ്യത്തെ സത്യാഗ്രഹിയായിട്ടുദ്ദേഹം പ്രത്യക്ഷപ്പെട്ടു. പാസ്സില്ലാതെ വിറകുകൊണ്ടുവരുന്നതു് നിയമലംഘനമാണെന്നു പൂണ്ണബോദ്ധ്യമുള്ള എന്റെ പിതാവു്, ഒരു വണ്ടിവിറകു—മാവാണെന്നാണു് എന്റെ ഓർമ്മ—ഇന്നവഴിയിൽകൂടി ഇന്നദിവസം സ്വന്തം വണ്ടിയിൽ കൊണ്ടുവരുന്നുണ്ടെന്നു് നെന്മാറ റെയിഞ്ചറെ രേഖാമൂലം അറിയിക്കയാണാദ്യം ചെയ്തതു്. നിശ്ചിത ദിവസത്തിൽ വണ്ടിയുടെ വരവുംകാത്തു് ഫോറസ്റ്റാപ്പീസ്സിന്റെ പടിക്കൽ നിന്നിരുന്ന ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാർക്കു് നിരാശപ്പെടേണ്ടിവന്നില്ല. കൃത്യസമയത്തു തങ്ങൾ നില്ക്കുന്നിടത്തെത്തിയ വിറകുവണ്ടിയെ, വണ്ടിക്കാരെ അറസ്റ്റുചെയ്തശേഷം ഫോറസ്റ്റു് ഉദ്യോഗസ്ഥന്മാർ ബന്തവസ്സു ചെയ്തുയുണ്ടായി. നിയമം ലംഘിക്കാൻ പ്രേരിച്ചു കുറ്റത്തിനു് എന്റെ പിതാവിനേയും പ്രതിചേർത്താണു കേസ്സു ചാർജ്ജു ചെയ്തതു്. തന്റെ വാദങ്ങളെ നീതിന്യായക്കോടതിയും ചെവിക്കൊണ്ടില്ല. നിയമലംഘനത്തിനു പ്രതികൾ ശിക്ഷിക്കപ്പെട്ടു. ഇങ്ങിനെ ഒരു ചെറിയ സംഖ്യ പിഴയടക്കാൻ ആ സത്യാഗ്രഹിയും നിർബ്ബന്ധനായി. ഇതിനുശേഷം മാസങ്ങൾ കഴിഞ്ഞുവോ എന്നു സംശയമാണു്. ഈ സത്യാഗ്രഹിയുടെ വിജയം പ്രഖ്യാപിക്കപ്പെട്ടു. അതേ, നാട്ടുമരങ്ങളെ ബി ഫാറ പ്രവർത്തനത്തിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഒരു കല്പന അധികാരസ്ഥാനങ്ങളിൽനിന്നും പുറത്തുവരികയുണ്ടായി. ഇങ്ങിനെ, താനുദ്ദേശിച്ചേടത്തോളം നേടുവാൻ ഈ സത്യാഗ്രഹസമരം അദ്ദേഹത്തെ സഹായിച്ചു. അതിനെത്തുടർന്നുള്ള ബുദ്ധിമുട്ടുകളെയാണു് ഞാനിന്നു ഗവൺമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതു്. ഈ ബുദ്ധിമുട്ടുകൾക്കൊരു നിവാരണമുണ്ടാക്കണമെന്നാണു് ഞാനഭ്യർത്ഥിക്കുന്നതും. അതിനൊരു ചെറിയ മാർഗ്ഗവും ഞാൻ നിർദ്ദേശിക്കാം. പാസ്സു കിട്ടി ൫൦ ദിവസത്തിലധികം സ്ഥലം പരിശോധിച്ചു് അനുമതി നല്കുണമെന്നു ഫോറസ്റ്റുദ്യോഗസ്ഥന്മാരെ നിർബ്ബന്ധിച്ചാൽ ഈ കഷ്ടപ്പാടുകൾക്കൊരു പരിഹാരമു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടോകും. അതായതു് പാസ്സു് ഫാറസ്റ്റുദ്യോഗസ്ഥന്മാക്ക സമർപ്പിച്ചു പത്തു ദിവസം കഴിഞ്ഞാൽ മരം കൊണ്ടുപോകാനുള്ള സ്വാതന്ത്ര്യം ഉടമസ്ഥനു ഉണ്ടായിരിക്കേണ്ടതാണു്.

മിസ്റ്റർ വി. കെ. കുട്ടി: ഫാറം ദിവസം കുറച്ചു കൂടുതലാണു്. 6 ദിവസം എന്നാക്കുന്നതു നന്നായിരിക്കും.

മിസ്റ്റർ സി. കെ. നായർ: ഉദ്യോഗസ്ഥന്മാരുടെ ജോലിത്തിരക്കുകൂടിയും നാം ഓക്കണം. അതുകൊണ്ടു് ഫാറം ദിവസംതന്നെ അയിക്കൊള്ളട്ടെ. ആ അവുധികഴിഞ്ഞാൽ മരം നീക്കംചെയ്യാൻ ഉടമസ്ഥനനുവാദമുണ്ടാകണം. ഇങ്ങിനെയായാൽമാത്രമെ ബി ഫാറംകൊണ്ടുള്ള ബുദ്ധിമുട്ടിനു പരിഹാരമാകയുള്ളൂ. ഇതു ചെയ്യുതരുവാൻ ഒരുക്കമാണൊ എന്നാണെനിക്കറിയേണ്ടതു്.

മിസ്റ്റർ ടി. നാരായണമേനോൻ: ഇതു ദിവസത്തിനുള്ളിൽ കൊടുത്തുകൊള്ളാം എന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഇതിനെപ്പറ്റി ആലോചിച്ചു് വേണ്ടതുപോലെ ചെയ്യാം എന്നുമാത്രമെ പറയുവാൻ തരമുള്ളൂ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: മിസ്റ്റർ രാമചന്ദ്രയ്യർ പറഞ്ഞമാതിരി കല്ലുവെട്ടുന്നതിനു് ഇതു ദിവസമെന്നു് ഒരു അവുധി വെച്ചിട്ടുണ്ടു്. അതുപോലെതന്നെ ഇക്കാര്യത്തിലും ഒരു നിബന്ധനവെച്ചാൽ മതിയല്ലൊ?

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇതിലുള്ള അപകടം എന്താണുള്ളതു്.

മിസ്റ്റർ ടി. നാരായണമേനോൻ: സംഗതിയുടെ ഗുണദോഷങ്ങൾഎല്ലാം അന്വേഷിച്ചിറിഞ്ഞതിന്റെ ശേഷംമാത്രമെ ശരിയായ അഭിപ്രായം പറയുവാൻതരമുള്ളൂ.

മിസ്റ്റർ സി. കെ. നായർ: ഗവമ്മെണ്ടിന്റെ അഭിപ്രായം ഈ സഭയുടെ അഭിപ്രായത്തോടുകൂടി യോജിക്കുന്നതായി അറിയുന്നതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave withdrawn

Demand under 12 Forests and Tramway put and carried

39—Miscellaneous Rs. 13,67,843

Mr. M. M. Paul *(Director of Food Supplies)*: I beg to move for an allotment of Rs. 13,67,483 under 39—Miscellaneous—Food Supply Measures:

CUT MOTION NO. 16

Advisory Committee to assist the Diector of Food Supplies

മിസ്റ്റർ വി. കെ. കുട്ടി: *To reduce the allotment of Rs. 1,200 for Food Supply Measures by Re. 1*

(ഫുഡു് സപ്ലൈ ഡയറക്ടക്ക യഥാവസരം വേണ്ട ഉപദേശങ്ങളും നൽകി അദ്ദേഹത്തിന്റെ ജോലിയിൽ സഹായിക്കുന്നതിന്നായി ഒരു അനുദ്യോസ്ഥകമ്മിറ്റിയെ നിയമിക്കണം. ഈ കമ്മിറ്റിയിൽ എല്ലാ താല്പര്യങ്ങളും പ്രതിനിധീകരിക്കപ്പെടേണ്ടതാണു്). ഇതാണു് എന്റെ പ്രമേയം.

Mr. C. K. Nayar *(Nemmara)*: Sir. There is an identical motion in my name, i. e. No. 5. That also may be taken up along with this My motion is this. *To reduce the allotment of Rs. 3,27,821 for Estabishment-Food Supplies by Rs. 2.* (ഫുഡ്സപ്ലൈ ഡയറക്ടരെ ഉപദേശിക്കാൻ ഒരു അനുദ്യോഗസ്ഥസമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ) ഇതാണു് എന്റെ പ്രമേയം.

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ പ്രസിഡണ്ടു്സർ, കൊച്ചീരാജ്യത്തു് ഫുഡ്സപ്ലൈസു് ഡിപ്പാർട്ടുമെണ്ടു് പുതിയതായി ആവിർഭവിച്ചതാണെങ്കിലും, മറ്റു ഡിപ്പാർട്ടുമെണ്ടുകളെ അപേക്ഷിച്ചു് ഇതു പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടു് വേറെയില്ലന്നുള്ളതു് തീച്ചയാണു്. ഈ ഡിപ്പാർട്ടുമെണ്ടിന്നു് എന്തെങ്കിലും വൈകല്യം സംഭവിച്ചാൽ കൊച്ചിരാജ്യത്തുള്ള ഫർ ലക്ഷം ആളുകൾക്കും അതു ബാധകമായിരിക്കുമെന്നു് പ്രത്യേകം മനസ്സിലാക്കേണ്ടതാണു്. ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടിനെ സഹായിക്കുവാൻ ഒരു ഉപദേശകസമതിവേണമെന്നു് പറയുന്നതു് ഉചിതമാണെന്നു ആകും വിചാരി

LIBRARY ARCHIVES Kerala Legislative Assembly